III സബ്മിഷൻ

1. ചിറ്റാർ - അച്ചൻകോവിൽ റോഡ് നിർമ്മാണം

10.00 AM]

ശ്രീ. രാജു എബ്രഹാം : സർ, ചിറ്റാർ-അച്ചൻകോവിൽ റോഡിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാതിരിക്കുന്നതുകൊണ്ട് വലിയ പ്രശ്നങ്ങളാണ് ഉണ്ടായിരിക്കുന്നത്. ഇത് തമിഴ്നാട്ടിൽ നിന്നും ശബരിമലയ്ക്ക് വരുന്ന ഹൈവേയാണ്, ഇടയ്ക്കിടയ്ക്ക് വനവുമാണ്. 1 കിലോമീറ്റർ റോഡിനുമാത്രമാണ് അനുമതി കിട്ടാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച റോഡാണ്, ചടങ്ങിൽ 3 സംസ്ഥാന മന്ത്രിമാരും പങ്കെടുത്തിരുന്നു. ഇതിന്റെ 99 ശതമാനം പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന 1 കിലോ മീറ്റർ റോഡിന്റെ അനുമതിക്കായി നാലര വർഷമായി വനം വകുപ്പിനെ സമീപിച്ചിട്ടും അനുമതി ലഭ്യമാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈ എടുത്ത് 3 ഉന്നതതലയോഗങ്ങൾ നടത്തിയിട്ടും ഇതിന്റെ അനുമതിക്കുള്ള കടലാസ്സുകൾ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് കൊടുക്കാതിരിക്കുന്നത് എന്ത് കാരണത്താലാണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് അടിയന്തരമായി, അങ്ങ് വ്യക്തിപരമായി മുൻകൈ എടുത്ത് ഈ കടലാസ്സുകൾ പരിസ്ഥിതി മന്ത്രാലയത്തിന് കൊടുക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, ശ്രീ. രാജു എബ്രഹാം ഉന്നയിച്ച കാര്യം വനം വകുപ്പിനും ഗവൺമെന്റിനും ബോദ്ധ്യമുള്ളതാണ്. ഇത് 35.317 കിലോ മീറ്റർ ദൈർഘ്യമുള്ള ഒരു വലിയ റോഡാണ്. അതിൽ ഏകദേശം 1.562 കിലോ മീറ്റർ പോകുന്നത് വനഭൂമിയിൽ കൂടിയാണ്. 1.249 ഹെക്ടർ വനഭൂമി അതിന് ആവശ്യമായി വരും. വനഭൂമി എന്തിനെങ്കിലും വേണ്ടി വിട്ടുകൊടുക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുമതി വേണം എന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പല തവണ ആവശ്യപ്പെട്ടപ്പോഴും ബന്ധപ്പെട്ട നിശ്ചിത ഫോമിലുള്ള അപേക്ഷ ലഭിക്കാൻ കുറച്ച് കാലവിളംബം ഉണ്ടായി. ഏറ്റവും ഒടുവിൽ ആ അപേക്ഷ കിട്ടിയത് കുറെ തെറ്റോടുകൂടിയാണ്. ആ തെറ്റുകൾ തിരുത്തിക്കൊണ്ടുള്ള അപേക്ഷ ഈ വർഷം ഫെബ്രുവരി മാസം 10-ാം തീയതി കിട്ടിയിട്ടുണ്ട്. അത് അനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വേണ്ടി വനം വകുപ്പ് ബാംഗ്ലൂർ ഓഫീസുമായി ബന്ധപ്പെടുന്നുണ്ട്. അത് വേഗത്തിൽ പൂർത്തിയാക്കാൻ വേണ്ടി ശ്രമിക്കും.

2. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ നിയമന പ്രശ്നങ്ങൾ

ശ്രീ. കെ. സി. ജോസഫ് : സർ, 2006-നുശേഷം കേരളത്തിലെ എയിഡഡ് മേഖലയിലുള്ള ഹൈസ്കൂളുകളിലും +2 സ്കൂളുകളിലും നിയമിച്ച അദ്ധ്യാപകർക്ക് ഇന്നുവരെ ശമ്പളം കൊടുത്തിട്ടില്ല. ഒരു മാസത്തെ ശമ്പളം ഒരു ദിവസം വൈകിയാൽ പ്രയാസം നേരിടുന്ന കേരളത്തിലെ അദ്ധ്യാപകർ

LIBRARY ARCHIVES Kerala Legislative Assembly

5 കൊല്ലത്തോളമായി ശമ്പളം വാങ്ങാതെ ജോലി ചെയ്യേണ്ടിവരിക എന്നു പറയുന്നത് വലിയൊരു ദുരവസ്ഥയാണ്. വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളെ ക്കുറിച്ച് പറയുന്നുണ്ട്. ഇവർക്ക് ശമ്പളം കിട്ടാതെ ജോലി ചെയ്താൽ എന്ത് ആത്മാർത്ഥതയുണ്ടാകും? ഇവിടെ എയിഡഡ് സ്കൂളുകളിലും +2 സ്കൂളുകളിലു മെല്ലാം താല്ക്കാലിക ജീവനക്കാരാണ്. അവിടെയെല്ലാം തന്നെ ടെമ്പററി നിയമനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആർക്കും ശമ്പളം കിട്ടുന്നില്ല. ഗൗരവമായ ഇക്കാര്യം ഉന്നയിച്ചിട്ട് ഇന്നുവരെ നടപടിയുണ്ടായിട്ടില്ല. പലവട്ടം ഇവർ സമരം നടത്തി. കോട്ടയത്ത് സംസ്ഥാന യൂത്ത് ഫെസ്റ്റിവലിന്റെ വേദിയിൽ അവർ മുദ്രാവാക്യം വിളിച്ചു. അന്ന് ബഹുമാനപ്പെട്ട വി. എൻ. വാസവൻ, എം.എൽ.എ.-യും മുഖ്യമന്ത്രിയുമെല്ലാം വേദിയിൽ ഉണ്ടായിരുന്നു. മുദ്രാവാക്യം വിളിച്ചതേയുള്ളൂ. സമരത്തിന്റെ കനൽവഴികളിലൂടെ കടന്ന് വന്ന നിങ്ങൾ അന്ന് എന്താണ് ചെയ്തത്? 17 അദ്ധ്യാപകർ, 4 വനിതാ അദ്ധ്യാപകർ ഒരു കൈക്കുഞ്ഞ് അടക്കമുള്ളവരെ റിമാന്റ് ചെയ്യാനായി നടപടി സ്വീകരിച്ചു. അവർ ആകെ ചെയ്ത കുറ്റം ആ പന്തലിൽ മുദ്രാവാക്യം വിളിച്ചു എന്നതാണ്. അങ്ങനെപോലും അവരെ അടിച്ചമർത്താൻ ശ്രമിക്കുന്നു. ധനകാര്യ വകുപ്പു മന്ത്രി ശ്രദ്ധിക്കണം. ദയവായി ഇവർക്ക് ജോലി ചെയ്ത കാലത്തേക്കുള്ള അംഗീകാരം കൊടുക്കണം. ആത്യന്തികമായ അംഗീകാരം കൊടുത്തില്ലെങ്കിലും ജോലി ചെയ്ത കാലത്തെ ശമ്പളം കിട്ടിയില്ലെങ്കിൽ വലിയൊരു ദുരവസ്ഥയാണ്, പരിഹാരമുണ്ടാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 17-8-2005-ൽ ഇറക്കിയ ഉത്തരവ് പ്രകാരം 2006-07 അദ്ധ്യയന വർഷം മുതൽ മുൻ സർക്കാർ അദ്ധ്യാപക നിയമന നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. ആ ഉത്തരവിലൂടെ ഏർപ്പെടുത്തിയ നിയമന നിയന്ത്രണം 12-1-2010-ലെ ഉത്തരവ് പ്രകാരം നീക്കുകയുണ്ടായി. നിയമന നിയന്ത്രണം നിലവിലുണ്ടായിരുന്ന കാലഘട്ടത്തിൽ അതായത്, 2006-07 മുതൽ 2009-10 വരെ സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കാൻ ഉത്തരവായി. ഇതാണ് ആദ്യം മനസ്സിലാക്കേണ്ട കാര്യം. നിങ്ങൾ ഇറക്കിയ ഉത്തരവ് ലംഘിച്ച് നിയമ വിരുദ്ധമായി നടത്തിയ നിയമനങ്ങൾ ചില വ്യവസ്ഥകൾക്ക് വിധേയമായി റഗുലറൈസ് ചെയ്യാൻ തീരുമാനിച്ചു. ഇതുപ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ നിയമന നിയന്ത്രണമുണ്ടായിട്ടും എയിഡഡ് സ്കൂളുകളിലെ അധിക ഡിവിഷനുകളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾ ചില വ്യവസ്ഥകൾക്ക് വിധേയമായി റഗുലറൈസ് ചെയ്യാൻ തീരുമാനിച്ചതാണ്. ഇതുപ്രകാരം 2010-11 അദ്ധ്യയന വർഷം മുതൽ ഈ സ്കൂളുകളിൽ പുതിയ ഒഴിവുകൾ വരുന്ന ഘട്ടത്തിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ നിയമിതരായവർക്ക് തുല്യമായ എണ്ണം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കാമെന്ന് സമ്മതിച്ച് നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം 50 രൂപയുടെ മുദ്ര പത്രത്തിൽ അതത് സ്കൂൾ മാനേജ്മെന്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്. നേരത്തെ നടത്തിയ അധിക നിയമനങ്ങൾ അംഗീകരിക്കുമ്പോൾ ഭാവിയിൽ വരാൻ പോകുന്ന ഒഴിവുകളിലേക്ക് പ്രൊട്ടക്ടഡ് അദ്ധ്യാപകരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുല്യമായ എണ്ണത്തിൽ വയ്ക്കാമെന്ന് അംഗീകരിച്ച് തരണം. കൂടാതെ 2006-07 മുതൽ 2009-10 വരെയുള്ള അധിക ഡിവിഷൻ ഒഴിവുകളിൽ തുല്യഎണ്ണം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞാൽ ഭാവിയിൽ അധിക ഡിവിഷനുണ്ടാകുന്ന മുറയ്ക്ക് എല്ലാ എയ്ഡഡ് വിദ്യാലയങ്ങളിലും 1:1 എന്ന ക്രമത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ, പുതുതായി നിയമിതരാകുന്ന അദ്ധ്യാപകർ എന്ന മുറയ്ക്കുമാത്രമേ നിയമനം പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ച എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവർക്ക് ശമ്പളവും കിട്ടുന്നുണ്ട്. സർക്കാർ ഉത്തരവുകൾ അനുസരിക്കാതെ നിയമനം നടത്തുകയും അദ്ധ്യാപകരുടെയും മറ്റും പൊതുതാൽപര്യം മാനിച്ച് സർക്കാർ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുകൂലമായ നിലപാട് കൈക്കൊള്ളുകയും ചെയ്യുമ്പോൾ അതുപാലിക്കാതെ മാനേജർമാർ കൈക്കൊണ്ട നടപടികളെല്ലാം അംഗീകരിക്കണമെന്ന വാദം എത്ര മാത്രം ശരിയാണെന്ന് അങ്ങും ആലോചിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഓരോ വർഷവുമുണ്ടായിവരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പ്രശ്നം കാണാതിരിക്കാൻ നിർവ്വാഹമില്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെ നിയമനം നടത്തുന്ന പ്രവണതയെ വളരെ ഗൗരവമായിത്തന്നെ കാണേണ്ടതുണ്ട്. 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ, പുതുതായി നിയമിതരാകുന്ന അദ്ധ്യാപകർ എന്ന നയത്തിൽനിന്ന് മാറേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. ഇക്കാര്യത്തിൽ മാനേജർമാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഇതുവരെ പ്രസ്തുത ഉത്തരവിൽ കേസ്സുകൾ തീർപ്പാക്കിയിട്ടില്ല. ചട്ടപ്രകാരം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് യാതൊരു തടസ്സവുമില്ല.

3. കാരിത്താസ് ഓവർബ്രിഡ്ജ് ഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കാരിത്താസ് അമ്മഞ്ചേരി റോഡിലെ കോട്ടയം, ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുകളുടെ ഇടയിൽ കാരിത്താസ് ഭാഗത്ത് ലെവൽക്രോസ് നമ്പർ 30-നു പകരമായി ഒരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ ഇതിനുവേണ്ടി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. ഏതാണ്ട് പതിനൊന്നരക്കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന ഈ ഓവർബ്രിഡ്ജിന്റെ സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കോടി പത്തുലക്ഷം രൂപയുടെ ഭരണാനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഈ ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് അന്തിമമായി നിശ്ചയിച്ചിട്ടില്ല. അന്തിമമായ അലൈൻമെന്റ് നിശ്ചയിക്കുന്നതിനും നിർമ്മാണം പൂർത്തിയാക്കുന്നതിനുമാവശ്യമായ മുഴുവൻ തുകയുടേയും ഭരണാനുമതി നൽകുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ ഇതിന്റെ നിർമ്മാണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇത് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി എത്രയുംവേഗം സ്ഥലമേറ്റെടുക്കുന്നതിനും പദ്ധതിക്കാവശ്യമായ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി നൽകി ഓവർ ബ്രിഡ്ജ് നിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക്